(ഡി) പുതിയ വെബ്സൈറ്റിനെ സംബന്ധിച്ചുള്ള അവബോധം ഉദ്യോഗാർത്ഥികൾക്കിടയിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പി.എസ്.സി.-യുടെ പുതിയ ഔദ്യോഗിക വെബ് സൈറ്റ് (www.keralapsc.gov.in) 4-2-2013 മുതൽ പ്രവർത്തനമാരംഭിച്ചു.

(ബി) ഉണ്ട്. പി.എസ്.സി.-യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തെ അറിയിക്കേണ്ട എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ദിനംതോറും നടത്തുന്ന അപ്ഡേഷൻ പ്രക്രിയയിലൂടെ ഉദ്യോഗാർത്ഥികൾക്ക് വിവരങ്ങൾ കാലതാമസമില്ലാതെ ലഭിക്കുന്നു.

(സി) ഇല്ല. 3-9-2003-ൽ പ്രവർത്തനമാരംഭിച്ച പഴയ വെബ്സൈറ്റിന്റെ കാലാവധി 31-1-2014-ൽ അവസാനിപ്പിച്ചു.

(ഡി) 4-2-2013-ൽ നടന്ന പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം സംബന്ധിച്ച് വിവിധ ദൃശ്യ-ശ്രവ്യ-മുദ്രണ മാധ്യമങ്ങളിൽ വലിയ പ്രചാരം നൽകിയിരുന്നു.

ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

67 (7626) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഒഴിവുകൾ ഇ-മെയിൽവഴി പി.എസ്.സി.-യെ അറിയിക്കുവാനും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും ഈ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒഴിവുകൾ ഇ-മെയിൽവഴി പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 1-8-2014 മുതൽ പി.എസ്.സി.-യിലേക്ക് ഇ-മെയിൽ സംവിധാനം മുഖേന മാത്രമേ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാവൂ എന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മീഷനും തീരുമാനിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കുതന്നെ ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമന ശിപാർശ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ നിർമ്മാണം പി.എസ്.സി.-യിൽ അന്തിമഘട്ടത്തിലാണ്.

(സി & ഡി) ഒഴിവുകൾ ഇ-മെയിൽവഴി പി.എസ്.സി-യെ അറിയിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ വൈകാതിരിക്കാൻ നടപടി

68 (7627) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സാങ്കേതിക വിദ്യകളും അഭ്യസ്തവിദ്യരായ ജീവനക്കാരും ഉണ്ടായിരിക്കെ പി.എസ്.സി. പല തസ്തികകളുടെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പരീക്ഷ നടത്തി ആറ് മാസം കഴിഞ്ഞിട്ടും പ്രസിദ്ധീകരിക്കാത്ത റാങ്ക് ലിസ്റ്റുകളുടെ വിവരം അറിയിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഒറ്റത്തവണ പി.എസ്.സി. രജിസ്ട്രേഷൻ-ഫോട്ടോയിൽ ജനനത്തീയതിയും പേരും ഒഴിവാക്കുന്നതിന് നടപടി

69 (7628) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷനിൽ ഫോട്ടോയിൽ പേരും ജനനത്തീയതിയും ഇല്ലാത്തതുമൂലം നിരവധി ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫോട്ടോയിൽ പേരും ജനനത്തീയതിയും വേണമെന്നതിന്റെ ആവശ്യകത വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly